മേഴ്സി ചാൻസ് വിദ്യാർത്ഥികൾ (മൂന്ന് വർഷം– (2007,08,09 അഡ്മിഷൻ), അഞ്ച് വർഷം –(2005,06,07 അഡ്മിഷൻ) പരീക്ഷാഫീസിനു പുറമേ 2000/– രൂപ ഫീസിനത്തിലും 200 രൂപ സി.വി ക്യാമ്പ് ഫീസിനത്തിലും (മൂന്ന് വർഷം– 2004,05,06 അഡ്മിഷൻ), (അഞ്ച് വർഷം –2002,03,04) പരീക്ഷാഫീസിനു പുറമേ 5000/– രൂപ ഫീസിനത്തിലും 200/– രൂപ സി.വി. ക്യാമ്പ് ഫീസിനത്തിലും അടയ്ക്കേണ്ടതാണ്.

## പരീക്ഷാഫലങ്ങൾ

2017 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി ഫിസിക്സ് ആന്റ് കംമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ബി.എസ്.സി എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ്, ബി.എസ്.സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി, ബി.കോം കൊമേഴ്സ് ആന്റ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (2013 നു മുൻപുള്ള അഡ്മി ഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ.

2018 ഫെബ്രുവരിയിൽ നടന്ന (സെപ്റ്റംബർ 2017 സെഷൻ) ബി.കോം പാർട്ട് ഒന്ന്, രണ്ട് (ആന്വൽ സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരി ശോധനയ്ക്കും ആഗസ്റ്റ് 4 വരെ അപേക്ഷിക്കാം.

2018 ഏപ്രിലിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.പി.ടി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 21 വരെ അപേക്ഷിക്കാം.

2018 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (MR/ID) പരീക്ഷയുടേയും 2017 ആഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ എം.കോം പരീക്ഷയുടേയും 2018 ജൂണിൽ നടന്ന സർട്ടിഫിക്കറ്റ് ഇൻ ജർമൻ & ഡിപ്ലോമ ഇൻ ജർമൻ പരീക്ഷയുടേയും ഫലങ്ങൾ വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാലയുടെ കീഴിൽ 2019–2020 അദ്ധ്യയന വർഷത്തിൽ പുതിയ കോളേജു കൾ ആരംഭിക്കുന്നതിനും നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ/അഡിഷണൽ ബാച്ച്/സീറ്റ് വർദ്ധന എന്നിവയ്ക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. പൂരിപ്പിച്ച അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 31. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ബി.എഡ് അഡ്മിഷൻ

ബി.എഡ് ട്രെയിനിംഗ് കോളേജുകളിലും, കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനുകളിലും 2018–19 അദ്ധ്യയന വർഷത്തെ ബി.എഡ് കോഴ്സിലേയ്ക്ക് ഒഴിവുള്ള സീറ്റുകളിൽ ജൂലൈ 9,10 തീയതികളിൽ സ്പോട്ട് അഡ്മിഷൻ അതതു കോളേജുകളിൽ നട ത്തുന്നതാണ്. അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി രാവിലെ 10 മണിക്കു മുൻപായി അതാതു കോളേജുകളിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## പരീക്ഷാ കേന്ദ്രങ്ങൾ

വിദൂര വിദ്യാഭ്യാസ വിഭാഗം 2018 ജൂലൈ 18 മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ഡിഗ്രി പരീക്ഷകൾക്ക് ഗവഃ കോളേജ് കാര്യവട്ടം സെന്ററായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ പാളയത്തെ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിലും എസ്.ഡി കോളേജ്, ആലപ്പുഴ സെന്ററായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ കായംകുളം എം.എ സ്.എം കോളേജിലും, തിരുവനന്തപുരം ഗവഃ ആർട്സ് കോളേജ്, ടി.കെ.എം കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് കൊല്ലം, എം.എസ്.എം കോളേജ് കായംകുളം എന്നീ കോളേജുകൾ സെന്ററായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ അതാത് സെന്ററുകളിലും ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റും ഐ.ഡി പ്രൂഫുമായി പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്.

ജൂലൈ 9 ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.ടെക് ഡിഗ്രി റെഗുലർ (2013 സ്കീം) പരീക്ഷയുടെ മൂല്യനിർണ്ണയ ക്യാമ്പിലേക്ക് നിയോഗിച്ചിട്ടുള്ള അദ്ധ്യാപകർ അതത് ദിവസങ്ങളിൽ സർവകലാശാല ക്യാമ്പസിലെ കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ബിൽഡിംഗിലും, ടി. കെ.എം എൻജിനീയറിംഗ് കോളേജിലും എത്തിച്ചേരേണ്ടതാണ്.

## ടൈംടേബിൾ

2018 ജൂലൈ 30 ന് തുടങ്ങാനിരുന്ന നാലാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.എസ്. ഡബ്ല്യൂ/എം.പി.എ/എം.എം.സി.ജെ പരീക്ഷകൾ ആഗസ്റ്റ് 10 ന് ആരംഭിക്കും. പ്രോജക്ട് യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 7. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം.
07.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098